# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4648** | **28-06-2013 ൽ മറുപടിയ്ക്ക്**

## നെൽകൃഷിക്ക് പ്രോത്സാഹനം

**ചോദ്യം**

ശ്രീ.പി.കെ.ബഷീർ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്ന വയലുകൾ മണ്ണിട്ടു നികത്തുന്നതുമൂലവും കൃഷിപ്പണിക്ക് ആളെക്കിട്ടാത്തതുമൂലവും നെൽകൃഷിയുടെ വിസ്തൃതി ഓരോ വർഷവും കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) സംസ്ഥാനത്തെ നെൽകൃഷി വിസ്തൃതി വിവിധ കാരണങ്ങളാൽ കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെൽവയൽ മണ്ണിട്ടു നികത്തുന്നത് നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാർ 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് കൊണ്ടു വന്നു. പ്രസ്തുത ആക്ട് നിലവിൽ വന്നതിനുശേഷം അനധികൃത മായ നെൽവയൽ നികത്തലിനു കുറവ് വന്നിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിച്ച നെൽകൃഷി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന്, പ്രത്യേകിച്ച് കര നെൽകൃഷിയടക്കം പ്രോത്സാഹിപ്പിക്കുന്ന തിന്, എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

(ബി) നെൽകൃഷി വ്യാപിപ്പിക്കുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള കർഷകരെ ഈ മേഖലയിൽ നില നിർത്തുന്നതിനും വിവിധ പദ്ധതികൾ കൃഷിവകുപ്പ് നടപ്പിലാക്കി വരുന്നു. 2012-2013 വർഷങ്ങളിൽ തരിശായിക്കിടന്ന 1005 ഹെക്ടർ നെൽവയൽ ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നല്കി നെൽകൃഷി ചെയ്തു വരുന്നു. സുസ്ഥിര നെൽകൃഷി വികസന പദ്ധതി അനുസരിച്ച് 1,80,000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതും 2013-14 വർഷം ഇതിലേയ്ക്കായി 8100 ലക്ഷം രൂപ ചെലവഴിക്കുന്നതുമാണ്. കരനെൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2013-14 വർഷം ഹെക്ടറിന് 7500/- രൂപ സബ്സിഡി നൽകി 4000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്ന താണ്. പ്രത്യേക നെല്ലിനങ്ങളുടെ കൃഷി

പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പൊക്കാളി, ബസുമതി, ഞവര എന്നിവ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 10,000/- രൂപ സബ്സിഡി നല്കി 250 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കി വരുന്നു. പതിനൊന്ന് നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപയുടെ നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കുന്നു. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ല യിൽ 260 ലക്ഷം രൂപയുടെ നെൽകൃഷി വികസന പദ്ധതി 2013-14 ൽ നടപ്പി ലാക്കുന്നു. ഹെക്ടറിന് 1000/- രൂപ നിരക്കിൽ 3 വിളകൾക്കും നെൽകൃഷി ഉല്പാദന ബോണസ് നൽകുന്നു. നെൽ കർഷകർക്ക് ജലസേചനം നടത്തുന്നതിന് ഭൂപരിധി ബാധകമാക്കാതെ സൗജന്യമായി വൈദ്യുതി നൽകി വരുന്നു. മേൽ പദ്ധതി കൾക്ക് പുറമേ പി.പി.പി. എസ്.ആർ.ഐ ഗ്രൂപ്പ് ഫാമിംഗ് പാടശേഖരങ്ങളുടെ പ്രവർത്തന ചെലവ് അടിസ്ഥാന സൗകര്യ വികസനം എന്നിവയും നെൽകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ